പതിമൂന്നാം കേരള നിയമസഭ - പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം
നമ്പർ 2947

11/12/2014-ൽ മറുപടിക്ക്

## അനീഷ് മാസ്റ്ററുടെ ആത്മഹത്യ

| ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
|---|---|
| (എ).മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും പിരിച്ചുവിടപ്പെടുകയും പിന്നീട് ആത്മഹത്യ ചെയ്യുകയും ചെയ്ത ശ്രീ. അനീഷ് മാസ്റ്ററെ സർവ്വീസിൽ നിന്നും പിരിച്ചുവിടാനുള്ള കാരണം എന്തായിരുന്നു; | (എ). പ്രസ്തുത സ്കൂളിലെ എഫ്.റ്റി.എം. ശ്രീ. മുഹമ്മദ് അഷ്റഫിനെ അടിച്ച് പരിക്കേൽപ്പിച്ചു എന്ന പരാതിയിന്മേൽ. |
| (ബി) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും പിരിച്ചുവിടപ്പെടുകയും പിന്നീട് ആത്മഹത്യ ചെയ്യുകയും ചെയ്ത ശ്രീ. അനീഷ് മാസ്റ്ററെ മാനേജർ മനപ്പൂർവ്വം കള്ളക്കേസിൽ കുടുക്കുകയായിരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെ തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗത്തിന് വേണ്ടി പ്രോജക്ട് ഓഫീസറുടെ നേതൃത്വത്തിൽ 18.11.2014 - ൽ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (സി) ഇതു സംബന്ധിച്ച് ആക്ഷൻ കൗൺസിൽ പരാതി നൽകിയിരുന്നുവോ; ഉണ്ടെങ്കിൽ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു; | (സി) ആക്ഷൻ കൗൺസിലിന്റെ പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതിയെപ്പറ്റിയും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം 18.11.2014 - ൽ അന്വേഷിക്കുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ഡി) സ്കൂളിലെ മാനേജർ ആരാണ്; ഇവർക്കെതിരെ അനീഷ് മാഷിന്റെ കുടുംബത്തിൽ നിന്നോ മറ്റാരിൽ നിന്നെങ്കിലുമോ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) ശ്രീ. വി. പി. സൈതലവി, അനീഷ് മാസ്റ്ററുടെ പിതാവ് ശ്രീ. കെ. കെ. കുമാരൻ, അധ്യാപക സംഘടനകൾ, ആക്ഷൻ കൗൺസിൽ എന്നിവരിൽ നിന്നും പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ 18.11.2014 - ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**